# മോടയിൽ കുടുംബയോഗം


MODAYIL KUDUMBA YOGAM
MALLAPPALLY

## വാർത്താ പത്രിക

## 2015 - ഏപ്രിൽ - 2015 നവംബർ

മോടയിൽ കുടുംബാംഗങ്ങൾക്ക് സ്വകാര്യ വിതരണത്തിനു മാത്രം

# ആദരാഞ്ജലികൾ



**ബിഷപ്പ് എം. സി. മാണി**

(1928 - 2015)

Newsletter Modayil Kudumbayogam

പ്രിയപ്പെട്ട കുടുംബാംഗങ്ങളേ,

വാർത്താപത്രികയുടെ കഴിഞ്ഞ ലക്കം മാർച്ച് മാസത്തിൽ പ്രസിദ്ധീകരിച്ചതിന് ശേഷം, വിവിധ കാരണങ്ങളാൽ അടുത്ത ലക്കം ഇപ്പോൾ മാത്രമാണ് പ്രസിദ്ധീകരിക്കാൻ കഴിഞ്ഞത്. ഈ കാലയളവിൽ നമ്മുടെ കുടുംബത്തിൽ ഉണ്ടായ പ്രധാന വിശേഷങ്ങൾ കഴിയുന്നിടത്തോളം കണ്ടെത്തി ഈ വാർത്താപത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പക്ഷേ, ഈ വാർത്താപത്രികകൾ ആരെങ്കിലും വായിക്കുന്നുണ്ടോയെന്ന് സംശയം തോന്നുന്നു. എന്തുകൊണ്ടെന്നാൽ, കഴിഞ്ഞ ലക്കത്തിൽ ആവശ്യപ്പെട്ടിരുന്ന കുടുംബവിവരങ്ങൾ സ്വമേധയാ ആരും അയച്ചുതന്നില്ല. ഫോൺ ചെയ്യുകയും ഇ-മെയിൽ അയയ്ക്കുകയും ചെയ്തപ്പോൾ കുറച്ചുപേർ മാത്രം അയച്ചുതന്നു. 2014-ലെ വരിസംഖ്യാ കുടിശ്ശിഖയുള്ളവർ അത് എത്തിച്ചുതരണമെന്ന് ആവശ്യപ്പെട്ടിരുന്നു. ആരും അത് കണ്ട ലക്ഷണമില്ല. പഠിക്കുന്ന കുട്ടികളെ ഉദ്ദേശിച്ച് ഒരു പേജ് Puzzles' കഴിഞ്ഞ ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു; ഉത്തരം ഇ-മെയിൽ അയയ്ക്കുവാൻ ആയിരുന്നു നിർദ്ദേശം.; ഒരു പ്രതികരണവും കണ്ടില്ല.

നമ്മുടെ കുടുംബക്കാർ ഇങ്ങനെ അനങ്ങാപ്പാറകളായി ഇരുന്നാൽ മതിയോ? എല്ലാ കുടുംബയോഗ ഭാരവാഹികളുടെയും ഫോൺ നമ്പർ എല്ലാ വാർത്താപത്രികകളിലും ചേർക്കാറുണ്ട്. നിങ്ങളുടെ വീടുകളിലെ പ്രധാന സംഭവങ്ങൾ - ജനനങ്ങൾ, മരണങ്ങൾ, പഠന വിജയങ്ങൾ, പുതിയ ജോലി, റിട്ടയർമെന്റ് തുടങ്ങിയ വിവരങ്ങൾ ഫോണിലൂടെയോ ഇ-മെയിലൂടെയോ അറിയിക്കുകയാണെങ്കിൽ വാർത്താപത്രികയിലൂടെ എല്ലാവരെയും അറിയിക്കുവാൻ സാധിക്കും.

നമ്മുടെ 2015-ലെ വാർഷികസമ്മേളനം ഡിസംബർ 26ന് നെടുങ്ങാടപ്പള്ളി സി.എം.എസ് ഹൈസ്കൂൾ പരിസരത്തുവച്ച് നടത്തുന്ന വിവരം വേറെ പ്രത്യേക നോട്ടീസ് മുഖാന്തരം അറിഞ്ഞുകാണുമല്ലോ? പാട്ട്, ഡാൻസ് മുതലായ കലാപരിപാടികൾ അവതരിപ്പിക്കുവാൻ കഴിവുള്ളവർ, അതിന് സന്നദ്ധമാവുകയും, ആ വിവരം സെക്രട്ടറിയെ അറിയിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു. നമ്മളുടെ വാർഷിക സമ്മേളനം കൂടുതൽ രസകരമാക്കുവാനുള്ള നിർദ്ദേശങ്ങളുണ്ടെങ്കിൽ അതും അറിയിക്കാം.

എല്ലാ കുടുംബാംഗങ്ങളും, ആബാലവൃദ്ധം, ഒരു ദിവസം മുഴുവൻ സഹോദരങ്ങളോടൊത്ത് ചിലവിടാൻ തയ്യാറായി വരണം. നമ്മുടെ പൂർവ്വികരെ ബഹുമാനിക്കാനുള്ള ഒരവസരമായി കണക്കാക്കി, കുടുംബയോഗസമ്മേളനത്തിൽ പങ്കെടുക്കണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുന്നു.

എന്ന്

*പ്രസിഡന്റ്* *സെക്രട്ടറി*

# മാണിത്തിരുമേനി

കഴിഞ്ഞ ഒക്ടോബർ 20-ാം തീയതി അഭിവന്ദ്യ ബിഷപ്പ് എം. സി. മാണി തിരുമേനി കാലം ചെയ്തപ്പോൾ മോടയിൽ കുടുംബത്തിന് നഷ്ടമായത് തങ്ങളുടെ പ്രിയപ്പെട്ട രക്ഷാധികാരിയെയാണ്, തങ്ങളുടെ എല്ലാ മംഗളകർമ്മങ്ങളിലും വിടവാങ്ങലുകളിലും നിറസാന്നിദ്ധ്യമായിരുന്ന ഒരു സ്നേഹനിധിയെയാണ്.

1928 ജൂലൈ മാസം മൂന്നാം തീയതി മോടയിൽ ഡോ. എം.പി. ചാക്കോയുടെയും ചൗക്കപ്പറമ്പിൽ കുഞ്ഞമ്മയുടെയും നാലാമത്തെ മകനായാണ് തിരുമേനി ജനിച്ചത്. ദൈവത്തെയും, സഭയേയും മനുഷ്യരേയും സ്നേഹിച്ചുജീവിച്ച ഡോക്ടറും കുഞ്ഞമ്മയും സഭാസ്ഥാപനങ്ങൾക്കും, വേലകൾക്കും ഔദാര്യപൂർവ്വം വളരെയേറെ സംഭാവനകൾ നൽകി സഹായിച്ചിട്ടുണ്ട്. പക്ഷേ, അവയിലൊക്കെ ഏറ്റവും വലിയ സംഭാവന, മാണിത്തിരുമേനിയെ സഭയ്ക്കും കുടുംബത്തിനുമായി നൽകിയെന്നുള്ളതാണ്.

മാണിത്തിരുമേനി 1952-ൽ മദ്രാസ് ക്രിസ്ത്യൻ കോളേജിൽ നിന്നും ബി.എ. പാസ്സായി. വൈദിക സേവനത്തിനായി തന്നെത്തന്നെ സമർപ്പിച്ചിരുന്ന അദ്ദേഹം കോളാർ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിലും ബംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളേജിലും പഠിച്ച് ബി.ഡി ബിരുദം സമ്പാദിക്കുകയും, അസ്ബറി തിയോളജിക്കൽ സെമിനാരി (U.S.A) യിൽവച്ച് പോസ്റ്റ് ഗ്രാഡുവേറ്റ് സർട്ടിഫിക്കറ്റ് ഇൻ തിയോളജി നേടുകയും ചെയ്തു. 1956 മെയ് ഒന്നിന് ബിഷപ്പ് സി.കെ. ജേക്കബിൽനിന്ന് ഡീക്കൻ പട്ടവും, 1957 മാർച്ച് 17 ന് ബിഷപ്പ് ഡോ. മൈക്കിൾ ഹോളിസിൽനിന്ന് പ്രെസ്ബിറ്റർ പട്ടവും ലഭിച്ചു. മദ്ധ്യകേരളത്തിലെ വിവിധ ഇടവകകളിൽ സേവനം അനുഷ്ഠിച്ചതു കൂടാതെ, സഭാസേവനത്തിന്റെ പ്രാരംഭകാലത്തുതന്നെ മേലുകാവ് ഡിസ്ട്രിക്റ്റ് കൗൺസിൽ ചെയർമാൻ, കോർപ്പറേറ്റ് മാനേജർ ഓഫ് സ്കൂൾസ്, ഡയോസിസൻ കൗൺസിൽ സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങൾ അദ്ദേഹത്തെ തേടി വന്നത് തിരുമേനിയുടെ സമഭാവന, വിട്ടുവീഴ്ചയില്ലാത്ത നീതിബോധം, സേവനതൽപ്പരത, സർവ്വോപരി കാര്യശേഷി എന്നീ സ്വഭാവഗുണങ്ങൾ കൊണ്ടുതന്നെയാണ്. 1981 ഫെബ്രുവരി 8-ന് സി. എസ്.ഐ മദ്ധ്യകേരള മഹായിടവകയുടെ ഒമ്പതാമത്തെ ബിഷപ്പായി സ്ഥാനമേറ്റു. തുടർന്നുള്ള 12 വർഷം മഹായിടവയ്ക്ക് ധീരമായ





നേതൃത്വം നൽകിയ തിരുമേനി, മഹായിടവകയെ ആത്മീയമായും ഭൗതീകമായും പുരോഗതിയിലേക്ക് നയിച്ചു. തീരുമാനങ്ങളെടുക്കുന്നതിൽ കാണിച്ച ആത്മധൈര്യം സഭയ്ക്ക് കൂടുതൽ ശക്തി നൽകി. സാധുക്കളോടുള്ള തീവ്രമായ സ്നേഹവും അവരെ സഹായിക്കുന്നതിനുള്ള താൽപ്പര്യവും തിരുമേനിയുടെ എല്ലാ പ്രവൃത്തികളും മുന്നിട്ടു നിന്നു. പീഡിതരെ മോചിപ്പിക്കുന്നതിൽ ശ്രദ്ധിച്ച തിരുമേനി, ദുർബ്ബല വിഭാഗങ്ങൾക്ക് പരമാവധി ജോലി നൽകുന്നതിലും സഹായം എത്തിക്കുന്നതിനും പ്രതിജ്ഞാബദ്ധനായിരുന്നു. മദ്ധ്യകേരളമഹായിടവയ്ക്ക് ഉറച്ച സാമ്പത്തിക ഭദ്രത നൽകുവാൻ തിരുമേനിക്ക് കഴിഞ്ഞു. 1993-ൽ റിട്ടയർ ചെയ്ത ശേഷവും സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും തന്നാൽ കഴിയുന്നത്ര സഹായം ചെയ്യുകയും മാർഗനിർദേശം നൽകുകയും ചെയ്തുപോന്നു.

മോടയിൽ കുടുംബയോഗത്തിന്റെ ആരംഭകാലം മുതൽ കുടുംബയോഗത്തിന്റെ പ്രവർത്തനങ്ങളിൽ താല്പര്യം കാണിക്കുകയും സൗകര്യം കിട്ടുമ്പോഴൊക്കെ വാർഷിക സമ്മേളനങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. സ്നേഹത്തിന് അതിർവരമ്പുകൾ വെയ്ക്കാതെ, കുടുംബാഗങ്ങൾ എല്ലാവരും തമ്മിൽ സഹകരിക്കുകയും നമ്മുടെ പിതാക്കന്മാർ മാതൃക കാണിച്ചുതന്നിട്ടുള്ള ദൈവവിശ്വാസത്തിലും ത്യാഗത്തിലും അധിഷ്ഠിതമായ പാതയിൽ നാമും പുരോഗമിക്കണമെന്നും ആയിരുന്നു തിരുമേനിയുടെ സന്ദേശം.

********************

മോടയിൽ കുടുംബയോഗത്തിലേയ്ക്കുള്ള വരിസംഖ്യയും (വാർഷീക വരിസംഖ്യ 1000 രൂപാ) സംഭാവനകളും കുടുംബയോഗത്തിന്റെ താഴെപ്പറയുന്ന അക്കൗണ്ടിലേക്ക് അയക്കാവുന്നതാണ്.

Federal Bank Nedungadappally IFSC Code FDRL 0001265
A/c No. 12650100015559

തണൽ സഹായനിധിയിലേക്കുള്ള സംഭാവനകൾ
Federal Bank Nedungadappally IFSC Code FDRL 0001265
A/c No. 12650100060696 ലേക്ക് അയക്കാവുന്നതാണ്.

# യുഗപുരുഷൻ

## കരുണാലയത്തിലെ അപ്പച്ചൻ /മത്തായിച്ചായൻ

## ഒരു അനുസ്മരണ

**ഡോ. എം. പുന്നൂസ് ജോർജ്ജ്** (IPS Retd)

2015 നവംബർ 16-ാം തീയതി തിങ്കളാഴ്ച കാലത്തു 106-ാം വയസ്സിൽ നിര്യാതനായ മോടയിൽ ശ്രീ. മാത്യു വർഗ്ഗീസ്, നമുക്കേവർക്കും പ്രിയപ്പെട്ട കരുണാലയത്തിലെ അപ്പച്ചൻ അല്ലെങ്കിൽ മത്തായിച്ചായൻ, ഒരു യുഗപുരുഷനായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ ജനിച്ച് നൂറ്റാണ്ടി നൊപ്പം വളരുകയും അതിനെ അതിജീവിപ്പിക്കുകയും ചെയ്ത് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ഒന്നര ദശകത്തോളം ആരോഗ്യത്തോടും സന്തോഷത്തോടും സംതൃപ്തിയോടും കൂടി ജീവിച്ച ഒരപൂർവ്വ വ്യക്തി. നമ്മുടെ കുടുംബത്തിലെ ദീർഘായുസ്സിന്റെ പുരുഷ റെക്കോർഡുടമ. 107-ാം വയസ്സിൽ നിര്യാതനായ അപ്പച്ചന്റെ മൂത്ത സഹോദരി കല്ലൂപ്പാറ മാരേട്ട് വിവാഹിതയായ ശോശാമ്മച്ചിക്കാണ് ഏതാനും മാസങ്ങൾക്ക് ദീർഘായുസ്സിൽ അപ്പച്ചനു മുമ്പിലുള്ളത്.

1909 -ൽ ജനിച്ച അപ്പച്ചൻ ബ്രിട്ടീഷ് ഭരണവും, തിരുവിതാംകൂർ കൊച്ചി രാജഭരണവും, രണ്ടു ലോകമഹായുദ്ധങ്ങളും അതിന്റെ കെടുതികളും, സ്വാതന്ത്ര്യ സമരവും, സ്വതന്ത്ര ഭാരതവും, തെരഞ്ഞെടുപ്പുകളും, ചൈനാ പാക് യുദ്ധങ്ങളും, വിവിധ രാഷ്ട്രീയ സാമുദായിക സാമൂഹ്യ സാംസ്ക്കാരിക സംഘടനകളോടൊപ്പം ക്രിസ്തീയ സഭകളുടെ രൂപീകരണവും വളർച്ചയും, ബഹിരാകാശയാത്രയും, മനുഷ്യൻ ചന്ദ്രനിലിറങ്ങിയതും, ശാസ്ത്ര സാങ്കേതിക മണ്ഡലങ്ങളിലെ അത്ഭുത പുരോഗതിയുമൊക്കെ നോക്കിക്കണ്ടു. ബാല്യത്തിൽ തന്നെ തിരുവല്ലാ പുളിമൂട്ടിൽ ചെറിയാൻ ജഡ്ജിയുടെ അനന്തരവാനാണെന്ന ബോധം മോടയിൽ കുടുംബത്തിൽ പിറന്ന അപ്പച്ചന്റെ ആത്മാഭിമാനത്തിനാക്കം കൂട്ടി. ഉറച്ച ദൈവവിശ്വാസിയായ അപ്പച്ചൻ ആത്മാവിലും കൃപയിലും സത്യത്തിലും ശക്തി പ്രാപിച്ചു വളർന്നു. കുടുംബസ്ഥാപകനായ പോത്തൻ വല്യപ്പച്ചന്റെ വാക്കുകൾ. കുഞ്ഞുങ്ങളെ, മറ്റുള്ളവർ നിങ്ങളെ ചതിച്ചാലും നിങ്ങൾ അവരെ ചതിയ്ക്കരുത്, അദ്ദേഹത്തിനെന്നും വഴികാട്ടിയായി. ജീവിതത്തിന്റെ





എല്ലാ മാനങ്ങളും അപ്പച്ചൻ കണ്ടു. സന്തോഷവും സന്താപവും, സുഖവും ദു:ഖവും, കഷ്ടങ്ങളും പ്രയാസങ്ങളും, ഐശ്വര്യ സമൃദ്ധിയും സമ്പന്നതയുമൊക്കെ. സന്തോഷിക്കുന്നവരുടെ കൂടെ സന്തോഷിയ്ക്കാനും, വിലപിക്കുന്നവരുടെ കൂടെ വിലപിയ്ക്കാനും അദ്ദേഹമെപ്പോഴും കൂടെയുണ്ടായിരുന്നു.

വിഭിന്നഗുണങ്ങളാൽ സമ്പുഷ്ടമായിരുന്നു ആ ധന്യജീവിതം. പല കാര്യങ്ങളിലും അദ്ദേഹം തന്റെ കാലത്തിന് വളരെ മുമ്പേയായിരുന്നു. മനസ്സിനനുയോജ്യമായ കുലീനയും സുന്ദരിയും സുശീലയുമായ ഒരു യുവതിയെ സ്ത്രീ തന്നെ ധനം എന്ന വാക്യം സ്വന്തജീവിതത്തിൽ പ്രാവർത്തികമാക്കി അദ്ദേഹം വിവാഹം ചെയ്തു. ദ്രവ്യാഗ്രഹം അദ്ദേഹത്തെ തീണ്ടിയിരുന്നില്ല. പുരോഗമന പ്രസ്ഥാനങ്ങളിലും ജ്ഞാനവർദ്ധനയ്ക്കും വ്യക്തിത്വ വികസനത്തിനുതകുന്ന കാര്യങ്ങളിലുമൊക്കെ അപ്പച്ചന് വലിയ ശുഷ്ക്കാന്തിയായിരുന്നു. മലയാള മനോരമ സാമ്പത്തിക പ്രതിസന്ധിയെ അഭിമുഖീകരിച്ച് പ്രസിദ്ധീകരണം തുടരാൻ ധനസഹായാഭ്യർത്ഥനയുമായി വരിക്കാരെ സമീപിച്ചപ്പോൾ ഉത്സാഹപൂർവ്വം അദ്ദേഹം അതിൽ പങ്കാളിയായി.

അപ്പച്ചനുമായി അടുത്തിടപെടാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന് 48 വയസ്സും എനിക്ക് ഒൻപതും. മലയാള മനോരമ ബാലജനസംഖ്യം കേരളത്തിലുടനീളം ശാഖകൾ സ്ഥാപിയ്ക്കപ്പെട്ടു വരുന്ന കാലം. നമുക്കൊരു ബാലജനസംഖ്യം തുടങ്ങണ്ടേ? അപ്പച്ചൻ മുൻകൈ എടുത്ത് ഞങ്ങളെയൊക്കെ ചേർത്ത് ഒരു ശാഖ രൂപീകരിച്ചു രജിസ്റ്റർ ചെയ്യിച്ചു. മീറ്റിങ്ങ് നടത്താനൊരു സ്ഥലം വേണ്ടേ? അതും അപ്പച്ചന്റെ വീട്ടിലായി. എല്ലാ ഞായറാഴ്ചയും പള്ളി കഴിഞ്ഞ് ഉച്ചയ്ക്ക് രണ്ടര മണിയ്ക്ക് ഞങ്ങൾ അപ്പച്ചന്റെ വീട്ടിലെത്തും. കഥ, പാട്ട്, പ്രസംഗം, മിമിക്രി, ഡാൻസ് തുടങ്ങി എല്ലാ കലാരൂപങ്ങളും അവിടെ അവതരിപ്പിക്കും. സഭാകമ്പമില്ലാതെ സ്റ്റേജിൽ കയറി സംസാരിയ്ക്കാനുള്ള കഴിവ് ഞങ്ങളെയൊക്കെ പരിശീലിപ്പിച്ചത് കരുണാലയത്തിലാണ്. അതിന് കാരണക്കാരൻ അപ്പച്ചനും. തുടർന്ന് എൻ.ഇ. എസ്സ് ബ്ലോക്കിന്റെ ആഭിമുഖ്യത്തിൽ സർക്കാരിന്റെ ചില പദ്ധതികളിലൂടെ ബാലൻ പബ്ളിക്കേഷൻസിന്റെ ശാസ്ത്ര സാഹിത്യ വിഷയങ്ങളെ കുട്ടികൾക്കു പരിചയപ്പെടുത്തുന്ന 100 പുസ്തകങ്ങൾ, ഒരു ഹാർമോണിയംഇവയെല്ലാം ബാലജനസഖ്യത്തിനു ലഭിച്ചു. അങ്ങനെ ഞങ്ങളൊക്കെ ഹാർമ്മോണിയം വായനയും പുസ്തക പാരായണവും ആരംഭിച്ചു. അപ്പോഴേക്കും ബാലജനസംഖ്യം കരുണാലയത്തിൽനിന്നും ദാസച്ചന്റെ വീട്ടിലേക്കും തുടർന്ന് താഴത്തെക്കുറ്റേ അപ്പച്ചന്റെ വീട്ടിലേക്കും മാറിക്കഴിഞ്ഞിരുന്നു.

ഇതാ സാക്ഷാൽ ഇസ്രായേല്യൻ. ഇവനിൽ കാപട്യമില്ല. എന്ന് ക്രിസ്തു നഥാനയേലിനെപ്പറ്റി പറഞ്ഞതുപോലെ അപ്പച്ചനെപ്പറ്റി നമുക്കെല്ലാം നിസ്സംശയം പറയാൻ കഴിയും. രണ്ടു മുഖമില്ലാതെ, മനസ്സിൽ തോന്നുന്നതെല്ലാം മുഖത്ത് പ്രതിഫലിയ്ക്കുന്ന നിർമ്മല ഹൃദയനായിരുന്നു അദ്ദേഹം. ഒരു ശിശുവിന്റെ ഹൃദയശുദ്ധി, ദൈവരാജ്യത്തിൽ കടക്കാൻ ഏറ്റം ആവശ്യമായ ഗുണം. ഇതാണ് അദ്ദേഹത്തിന്റെ നിസ്വാർത്ഥസ്നേഹത്തിന്റെയും, മറ്റുള്ളവരെ കരുതാനുള്ള മനോഭാവത്തിന്റെയും ഉറവിടം. സ്വന്തം ശരീരത്തിൽ നിന്നും ശ്രദ്ധ തിരിച്ച് മറ്റുള്ളവരിലേക്ക് തന്റെ ശ്രദ്ധ കേന്ദ്രീകരിയ്ക്കുന്നത് വാർദ്ധക്യത്തെ അർത്ഥവത്തും ആരോഗ്യപ്രദവും സന്തുഷ്ടവുമാക്കുമെന്ന് മനശാസ്ത്രജ്ഞന്മാർ പറയുന്നത് ജീവിതത്തിൽ പ്രായോഗികമാക്കിയ വ്യക്തിയായിരുന്നു അപ്പച്ചൻ. 37 വർഷം മുൻപ് തന്റെ പ്രിയ പത്നിയുടെ വേർപാടിലൂടെ ഏകാകിയായ അപ്പച്ചൻ സ്വയം പഴിച്ചും മറ്റുള്ളവരെ ശപിച്ചും കുറ്റം പറഞ്ഞും നകാരാത്മകമനോഭാവത്തോടെ (നെഗറ്റീവ് ആറ്റിറ്റ്യൂഡ്) വിഷാദരോഗത്തിനടിമയായി തനിയ്ക്കും ചുറ്റുപാടുമുള്ളവർക്കും ഒരു ഭാരമായിത്തീരാതെ, മറ്റുള്ളവരുടെ സന്തോഷത്തിനും സമാധാനത്തിനുമായി തന്റെ സ്വകാര്യ ദു:ഖം മറന്ന് നിസ്വാർത്ഥ പ്രവർത്തനത്തിലൂടെ വിശുദ്ധ മത്തായിയുടെ സുവിശേഷം അഞ്ചാം അദ്ധ്യായത്തിന്റെ 48-ാം വാക്യം സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ നന്മയ്ക്ക് അതിരുകളില്ലാത്തതുപോലെ നിങ്ങളുടെ നന്മയ്ക്കും പരിധികളുണ്ടാക്കരുത് -അന്വർത്ഥമാക്കി.

രണ്ടായിരത്തി രണ്ടാമാണ്ട്, അപ്പച്ചന് വയസ്സ് 95. എന്റെ രണ്ടു മക്കളുടെ വിവാഹനിശ്ചയവും വിവാഹവും നടത്താൻ തീരുമാനിച്ചിരുന്ന സമയം. പ്രധാനപ്പെട്ട ചുമതലകൾ വഹിച്ചിരുന്നതിനാൽ അധികസമയം ഭോപ്പാലിൽനിന്നും എനിയ്ക്കു മാറി നില്ക്കാനാവാത്ത അവസ്ഥ. കാപ്പി കുടിയും കഴിഞ്ഞ് കാലത്ത് കല്യാണം വിളിയ്ക്കാനായി ഞാനിറങ്ങി. വൈ.എം.സി.എ പടിയ്ക്കൽ എതിരെ വന്ന അപ്പച്ചൻ കൈ കാട്ടി കാർ നിർത്തിച്ചു. എങ്ങോട്ടാണ് പോകുന്നത് എന്നു തിരക്കി. ഉദ്ദേശം മനസ്സിലാക്കിയ അപ്പച്ചൻ പറഞ്ഞു. ഇവിടെ നിന്നെയാരെങ്കിലും അറിയുമോ? അല്ലെങ്കിൽ നീ ആരെയെങ്കിലും അറിയുമോ? ഞാനും കൂടെ വരാം. അപ്പച്ചന്റെ സാന്നിദ്ധ്യം കാര്യങ്ങളെളുപ്പമാക്കി. ഉച്ചയ്ക്കൊരു മണിയോടെ ഞങ്ങൾ മടങ്ങവെ, വൈ.എം.സി.എ. റോഡിൽ നിന്നും മഞ്ഞത്താനം റോഡിലേക്കു കാറിറക്കിയപ്പോൾ അദ്ദേഹമാരാഞ്ഞു, എന്താ അങ്ങോട്ടു പോകുന്നത്? ഞാൻ പറഞ്ഞു. അപ്പച്ചനെ വീട്ടിൽ കൊണ്ടുവിടാൻ. അദ്ദേഹം പ്രതികരിച്ചു.





നല്ല കാര്യമായി. വണ്ടി നിന്റെ വീട്ടിലേക്കു വിട്. ഞാനിവിടെ ഇറങ്ങിക്കൊള്ളാം. ഞാൻ മടിച്ചുനിന്നു. എന്റെ ധർമ്മസങ്കടം മനസ്സിലാക്കി എന്നെ സമാധാനിപ്പിക്കാനെന്നവണ്ണം അദ്ദേഹം പറഞ്ഞു. ഞാൻ നടന്നല്ലേ ഇങ്ങോട്ടു പോന്നത്. തിരിച്ചു നിങ്ങളുടെ വീട്ടിലൂടെ കയറി നടന്നു മടങ്ങുന്നതാണ് എന്റെ പതിവ്. ഇന്നും അങ്ങനെ ചെയ്യുന്നതാണെനിയ്ക്കിഷ്ടം. ആ നിർബന്ധത്തിനുമുന്നിൽ മനസ്സില്ലാ മനസ്സോടെ ഞാൻ വഴങ്ങി. കാറിൽനിന്നിറങ്ങി അദ്ദേഹം വീണ്ടും വന്നു തിരക്കി. ഉച്ചയൂണ് കഴിഞ്ഞ് നീ എപ്പഴാ പുറപ്പെടുക. ഞാനും കൂടെ വരാം. അപ്പച്ചനെ ബുദ്ധിമുട്ടിക്കാതിരിക്കാൻ ഞാനൊരു ഒഴികഴിവു പറഞ്ഞു. നമുക്ക് ഇനി നാളെ പോകാം. ഞാൻ വീട്ടിൽ വന്ന് അപ്പച്ചനെ കൂട്ടിക്കൊണ്ടു പോകാം, അതു വേണ്ട, നമുക്ക് ഇന്നു തന്നെ പോകണം.നീ വേഗം കഴിയ്ക്ക്, ഞാൻ അരമണിക്കൂറിനകം ഇവിടെ തിരിച്ചെത്തും. അപ്പച്ചൻ പറഞ്ഞു. രണ്ടു ദിവസം ഞങ്ങളിങ്ങനെ പോയി കല്യാണത്തിന്റെ ക്ഷണം പൂർത്തിയാക്കി.

തലമുറകളെയും ബന്ധുമിത്രാദികളെയും കുടുംബാംഗങ്ങളെയുമെല്ലാം യോജിപ്പിക്കുന്ന അതിശക്തമായ ഒരു കണ്ണിയായിരുന്നു അപ്പച്ചൻ. ടെലിഫോണും മൊബൈൽ ഫോണുമൊന്നുമില്ലായിരുന്ന പഴയ കാലത്ത് സൈക്കിളിൽ തിരുവല്ലായിലും, കല്ലൂപ്പാറയിലും, അയിരൂരും, കോഴഞ്ചേരിയിലും, കോട്ടയത്തുമൊക്കെ സ്വന്തക്കാരെയും സുഹൃത്തുക്കളെയുമൊക്കെ കണ്ട് ക്ഷേമാന്വേഷണം നടത്താനായി അപ്പച്ചൻ ക്രമമായി പോകുമായിരുന്നു. എല്ലാവരെപ്പറ്റിയുമുള്ള വിവരങ്ങളും വിശേഷങ്ങളും ശേഖരിയ്ക്കുകയും അതു കൃത്യമായി മറ്റു ബന്ധുമിത്രാദികളെ അറിയിക്കുകയും ചെയ്യുന്നത് തന്റെ ഒഴിച്ചു കൂടാനാവാത്ത ഒരു ദൗത്യമായി അദ്ദേഹം കരുതി. കുടുംബയോഗത്തിന്റെ രക്ഷാധികാരിയായിരുന്ന അപ്പച്ചൻ മോടയിൽ കുടുംബത്തിന്റെ ജീവനും, ഹൃദയവും, മനസ്സാക്ഷിയും, ആത്മാവുമായിരുന്നു. അപ്പച്ചന്റെ വാക്കുകളും, പെരുമാറ്റവും, പ്രവൃത്തിയും, പുഞ്ചിരിയും, സ്നേഹവും, നിഷ്ക്കളങ്കതയും, നിസ്വാർത്ഥതയും, ആത്മാർത്ഥതയും, മാതൃകയും നമുക്കെന്നും പ്രചോദനമാകട്ടെ, നമ്മെ നയിക്കട്ടെ.

****************

# നാനോ കവിതകൾ



**ഡോ. സിബു മോടയിൽ**

**1. എ...ന്റ...മ്മോ...**

തൊഴുതല്ലോ നില്ക്കുന്നു
തൊഴുത്തിൻ മുമ്പിൽ
കുത്തുകൊള്ളാതെ നോക്കണേ
ശരിക്കും നോവറിഞ്ഞോൾക്കും
ഇടമിത്തിരി നല്കണേ

**2. കാലം**

ഭാവി പറയാം
ബയോഡേറ്റാ തന്നാൽഭൂതവും
ടോപ്പ് അപ്പ് ചെയ്തു തന്നാൽ
വർത്തമാനവും.

**3. സൂത്രം.**

ആക്രാന്തമുണ്ടെനിക്കാക്രാന്തമുണ്ടെനി-
യ്ക്കാരാധനയ്ക്കാളു കൂടീടുമ്പോൾ
സ്ത്രോത്രകാഴ്ചയ്ക്കുള്ള
സഞ്ചി നിറയുമ്പോൾ
സ്ത്രോത്രം പറഞ്ഞെന്റെ തൊണ്ട കീറും.

**4. സാംസ്കാരികൻ**

എന്നെപ്പോലൊരു മഹാപ്രതിഭ
ജനിച്ചിട്ടില്ല!
ജനിക്കുകയില്ല!!
ജനിക്കാൻ ഞാൻ സമ്മതിക്കില്ല!!!

**5. വിശേഷാൽപ്രതി**

വളിച്ച സാമ്പാറും
പുളിച്ച മോരുമുണ്ട്
ഉണ്ണാതെ വിടില്ല.

**6. കത്ത്**

പൊട്ടും...പൊട്ടും...പൊട്ടും...പൊട്ടി
എന്ന്
ഇട്ടി ഇടുക്കി.

**7. നിയന്ത്രണം**

അംഗനാകലാലയം മുന്നിലുള്ള കാരണം
ക്ലേശമില്ല തെല്ലുമേ ഗതാഗതനിയന്ത്രണം

**8. മിസ്റ്റർ വീരൻ**

വീര കുമാരാ പോയ് വരൂ
അരി തീരാറായ്
പെറ്റൊരു വയറല്ലേ
പട്ടിണിയാക്കല്ലേ
വീരകുമാരാ പോയ് വരൂ...

**9. പ്രസംഗം**

പ്രസംഗം കേൾപ്പിച്ചു നടന്നു
വിവാഹിതനായപ്പോൾ
കേട്ടും തുടങ്ങി.

**10. ഞ്യാൻ**

തെളിവില്ലാതിരിക്കുവാൻ
എന്നും വെള്ളം കലക്കും ഞ്യാൻ





# അനുമോദനങ്ങൾ



**റേച്ചൽ കുര്യൻ**

മണിമല കറിക്കാട്ടൂർ മോടയിൽ കുര്യൻ കുര്യന്റെയും സാറാമ്മയുടെയും ഇളയ മകൾ റേച്ചൽ കുര്യൻ മോടയിലിനു സിവിൽ സർവ്വീസ് പരീക്ഷയിൽ 320-ാം റാങ്ക്. ബി. ടെക് ബിരുദധാരിയാണ്. സഹോദരി എലിസബത്ത് ഭർത്താവിനോടൊപ്പം വിദേശത്താണ്.



**സൂസൻ ജോർജ്**


മല്ലപ്പള്ളി മോടയിൽ എം. എം. മാത്യുവിന്റെയും ലീല മാത്യുവിന്റെയും മകൾ, സൂസൻ ജോർജ് എജ്യൂക്കേഷനിൽ ഡോക്ടറേറ്റ് നേടി. കൂനൂർ സെന്റ് ജോസഫ്സ് ബോയ്സ് എ. ഐ. എച്ച്. എസ്. എസിൽ പ്ലസ് ടുവിൽ ഫിസിക്സ് അദ്ധ്യാപികയാണ്. കാർത്തികപ്പള്ളി കിഴക്കേ ചക്കോലിയിൽ പരേതനായ ജോർഡ് ഡാനിയേലിന്റെ ഭാര്യ.



**സലിം ജി മോടയിൽ**

ശ്രീ. സലിം ജി മോടയിൽ R. S. P. സെൻട്രൽ കമ്മറ്റിമെമ്പറായി ദേശീയ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം മോടയിൽ പടിഞ്ഞാറേക്കൂറ്റ് നെടുങ്ങാടപ്പള്ളിൽ പരേതരായ എം. സി. ജേക്കബ്ബിന്റെയും അച്ചാമ്മയുടെയും പുത്രനാണ്.

## ചരമങ്ങൾ



മോടയിൽ പരേതനായ ജോർജ് വർഗീസിന്റെ മകൻ കോട്ടയത്ത് അഭിഭാഷകനായിരുന്ന അഡ്വ. സന്തോഷ് മോഡയിൽ (53). ഭാര്യ: വേളൂർ താഴത്ത് മണലോടിയിൽ അച്ചാമ്മ സന്തോഷ്, റയിൽവേ, കൊച്ചി) മക്കൾ: ജിയോ (ഖത്തർ), ജേക്കബ് (തെന്നൈ), ആൻ.




മോടയിൽ ബംഗ്ലാവിൽ എം. പി. വറുഗീസ് (പാപ്പി) മകൾ ലിസിക്കുട്ടി (92). ചേന്നങ്കേരി പൂപ്പള്ളി പരേതനായ പി. സി. തോമസിന്റെ ഭാര്യ മക്കൾ: പ്രഫ. മേമി ചാക്കോ (സുൽത്താൻ ബത്തേരി), സൂസൻ (നിരണം), ശേർളി (മണിപ്പാൽ), ബോബി സി. തോമസ് (യൂണിലിവർ എക്സ്പോർട്സ്, കൊച്ചി), ഫിലിപ്പ് തോമസ് (സീനിയർ കോച്ച്, സായി), മരുമക്കൾ: പ്രഫ. പി. സി. ചാക്കോ, കെ. വി. ഫിലിപ്പ്, അലക്സ് ചാണ്ടി, ഷേർളി, ശാന്തി.



മോടയിൽ പരേതനായ കെ. ഒ. മാത്യുവിന്റെ ഭാര്യ അക്കാമ്മ (81). കോട്ടയം തടത്തിൽ കുടുംബാംഗം മകൻ സുനിൽ ഉമ്മൻ മാത്യു (ഡപ്യൂട്ടി മാനേജർ, മലയാളമനോരമ). മരുമകൾ ഷിനു.



മോടയിൽ വേന്ത്ര ഇടിക്കുള, കറിയ്ക്കാട്ടൂർ മകൾ മേരിക്കുട്ടി (79). പന്നിവിഴ തെക്കേപറമ്പിൽ ജോനാഥൻ വില്ലയിൽ മാമ്മൻ ഏബ്രഹാമിന്റെ ഭാര്യ മക്കൾ: സൂസൻ, സുനിൽ, സോളി, സാബ്. മരുമക്കൾ: കുര്യാക്കോസ്, പിങ്കി, മാർട്ടിൻ, ജെസി. കൊച്ചുമക്കൾ: സ്ക്കറി, ക്രിസ്റ്റഫർ, ബെഞ്ചമിൻ, ജോലാഥൻ, അലക്സാണ്ടർ, ലൂക്ക്, ഒലിവിയ.



സി. എസ്. ഐ. മദ്ധ്യകേരള മഹായിടവക മുൻ ബിഷപ്പ് ഡോ. എം. സി. മാണി (87). മല്ലപ്പള്ളി മോടയിൽ കുടുംബത്തിൽ ഡോ. എം. പി. ചാക്കോയുടെയും, മേരി ചാക്കോയുടെയും മകൻ. ഭാര്യ: പരേതയായ തങ്കമ്മ മാണി. മക്കൾ: റവ. ഡോ. മാണി ചാക്കോ, കോര മാണി, എം. എം. മാണി, ആർക്കിടെക്ക് എം. എം. ഫിലിപ്പ്, സൂസൻ മാണി. മരുമക്കൾ: ആച്ചിയമ്മ ചാക്കോ, പ്രഫ. സൂസൻ കോര, പ്രഫ. മിറിയം മാണി, ഡോ. അനില ഫിലിപ്പ്.




മോടയിൽ കരുണാലയം മാത്യു വർഗീസ് (106). ഭാര്യ: തിരുവല്ല കൊല്ലമന പരേതയായ അമ്മിണി. മക്കൾ: ജോർജ് മാത്യു (എസ്. ബി. ഐ. റിട്ട. മാനേജർ). കുഞ്ഞ്പെങ്ങൾ (ദോഹ), കുഞ്ഞ്, ലാലു (ന്യൂയോർക്ക്). മരുമക്കൾ: കൊച്ചുമറിയാമ്മ, കോട്ടയം കഞ്ഞിക്കുഴി ചിറയിൽ ജോണി, വെൺമണി പുഞ്ചോണിക്കാവിൽ ജോയ് (ന്യൂയോർക്ക്), വെൺമണി കീരിക്കോട്ട് പരേതനായ പാപ്പച്ചൻ.




Newsletter Modayil Kudumbayogam

## നവദമ്പതികൾ



***Alen Abraham***
(S/o Abraham Varghese, Modayil Meenadathu, Karukachal) &
***MishleenKhera***



***Neema***
(D/o Jerry Mathew Kurien, ModayilAdavimannom Thazhathekkoottu) &
***Vimal***

## നവദമ്പതികൾ



***Robin***
(S/o Kurien Jacob/Babu, ModayilPadinjarekkootu Nedungadappallil) &
***Shalet***



***Subin***
(S/o George Ipe/Siju, ModayilKavil) &
***Thara***





## ആദരാഞ്ജലികൾ



മോടയിൽ കരുണാലയം
മാത്യു വർഗീസ്
(1909 - 2015)



Graphic Systems & Co. Ph: 8606212534

## Modayil Kudumbayogam
## Executive Committee Members

| | |
|---|---|
| Adv. M. Philip Koshy (President) | 9447387362 |
| Sunil Oommen Mathew (Vice President) | 9895395156 |
| P. George Modayil (Secretary) | 9544618439 |
| George Mathew M. (Joint Secretary) | 9961352601 |
| Abraham Varghese (Treasurer) | 9497324565 |
| Thomas M. Oommen | 9447071570 |
| K. A. Philip | 9747719606 |
| M. M. Mani | 0481 - 2571396 |
| Abraham Mathew | 080 - 25463014 |
| G. George | 9400689420 |
| Salim Gee Modayil | 9447456748 |
| Idicula Kurien (Raju) | 04828 - 247208 |
| M. K. Kurien (Sunny) | 8289886605 |
| M. P. Kurien | 9747718838 |
| George Ipe | 9447330912 |
| George Mathew | 9495765282 |
| George M. Cherian | 9447504932 |
| John Mathew | 9446570312 |
| Korah Mathew | 9847992592 |
| Sunny Cherian Philip | 9447126648 |
| Mathew Kurien (Jerry) | 9447614214 |